Page 1 of 2

(ഡി) ഇവിടെ സ്ഥിതി ചെയ്യുന്ന റീജിയണൽ ഡയറി ലാബ് നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ പരിശോധനകളാണ് ഇവിടെ നടക്കുന്നതെന്ന് വിശദമാക്കുമോ; ഏതൊക്കെ പരിശോധനകൾ നടത്തുന്നതിനാണ് ഈ ലാബ് സജ്ജീകരിച്ചിട്ടുള്ളത്; പ്രസ്തുത പരിശോധനകളെല്ലാം ഇവിടെ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇവിടെ നിലവിൽ എത്ര തസ്തികകളാണ് ഉള്ളത്; ഇപ്പോൾ എത്ര പേർ ഇവിടെ ജോലി ചെയ്യുന്നുണ്ട്; ആവശ്യമായ എല്ലാ തസ്തികകളിലും നിയമനം നടത്തി പ്രസ്തുത ലാബ് പൂർണ്ണസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ?

ഭാഗികമായി പ്രവർത്തനക്ഷമമാണ്. പ്രധാനമായും പാലിന്റെ രാസഭൗതിക ഗുണനിലവാര പരിശോധനകളാണ് നടത്തിവരുന്നത്. പാൽ, പാലുല്പന്നങ്ങൾ, വെള്ളം എന്നിവയുടെ രാസപരിശോധനകളും മൈക്രോബയോളജി പരിശോധനകളും നടത്തുന്നതിനുള്ള സൗകര്യങ്ങളാണ് ലാബിൽ സജ്ജീകരിച്ചിട്ടുള്ളത്. പാൽ, പാലുൽപ്പന്നങ്ങൾ എന്നിവയുടെ പരിശോധന പൂർണ്ണമായും നടത്തിവരുന്നുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ, ലോവർ ഡിവിഷൻ ക്ലാർക്ക്, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ 2 പേരാണ് ജോലി ചെയ്യുന്നത്. ലോവർ ഡിവിഷൻ ക്ലാർക്ക് ജോലിമാറ്റം കിട്ടിപ്പോയ ഒഴിവിൽ പുതിയ നിയമനം നടന്നിട്ടില്ല.

(ഇ) മേൽസ്ഥാപനത്തിൽ നിലവിൽ എത്ര താൽക്കാലിക ജീവനക്കാരാണ് ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ; തസ്തികകളുടെ പേരുവിവരങ്ങളും വേതനവിവരങ്ങളും ലഭ്യമാക്കുമോ; ഇവരുടെ നിയമനാധികാരി ആരാണെന്ന് അറിയിക്കാമോ?

നിലവിൽ താൽക്കാലിക ജീവനക്കാരാരും ഇല്ല.

കുളമ്പ് രോഗ പ്രതിരോധത്തിന് വാക്സിനേഷൻ

284 (3004) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കുളമ്പ് രോഗംമൂലം മണലൂർ മണ്ഡലത്തിൽ എത്ര വളർത്തു മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചുവെന്ന് അറിയിക്കാമോ ?

22.

(ബി) കുളമ്പ് രോഗംമൂലം ജീവൻ നഷ്ടപ്പെട്ട വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

നഷ്ടപരിഹാരത്തിനായി തൃശ്ശൂർ ജില്ലാ കോർഡിനേറ്റർക്ക് ലഭിച്ച 12 അപേക്ഷകൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുളമ്പ് രോഗപ്രതിരോധത്തിന്റെ ഭാഗമായി വാക്സിനേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കുളമ്പ് രോഗപ്രതിരോധവാക്സിൻ (റിംഗ് വാക്സിനേഷൻ) 1279 വളർത്തു മൃഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

ക്ഷീരവികസനത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

285 (3005) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ ക്ഷീരവികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് ഈ സാമ്പത്തികവർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വൈക്കോൽ ബെയ്ലിംഗ് യൂണിറ്റ്, പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും, കറവ പരിശീലനം, ഇടുക്കി പാക്കേജ്, വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം എന്നിവയാണ്.

വൈക്കോൽ ബെയ്ലിംഗ് യൂണിറ്റ്:

ക്ഷീരസംഘങ്ങൾവഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉത്പാദനവും വിപണനവും:

ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചു കൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

കറവ പരിശീലനം:

നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഇടുക്കി പാക്കേജ്:

പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതി കളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ധാതു ലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം:

50 പശുക്കളിൽ കൂടുതലുള്ള ഡയറി ഫാമുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly